# മാതൃകാചോദ്യപേപ്പർ SET 2

# LSS EXAMINATION - FEBRUARY 2016

## Paper II - Part A - പരിസരപഠനം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.** (1Score X 10 = 10)

1. ഒരു ജീവിക്ക് അതിന്റെ വാസസ്ഥലത്തിന് അനുസരിച്ച് ജീവിക്കുവാനുള്ള സവിശേഷതയാണ്.

   A ആവാസ വ്യവസ്ഥ B പരസ്പരാശ്രയത്വം

   C അനുകൂലനം D പരസ്പര ബന്ധം

2. 'തപ്പ്' പ്രധാന വാദ്യമായുള്ള കലാരൂപം?

   A ഓട്ടൻതുള്ളൻ B പടയണി

   C കുമ്മാട്ടി D ചാക്യാർകൂത്ത്

3. താഴെകൊടുത്തിരിക്കുന്നവയിൽ 2016 വർഷവുമായി ബന്ധപ്പെട്ട പരിപാടി ഏതാണ്?

   A ജൈവ വൈവിധ്യവർഷം B പയറുവിളവർഷം

   C മണ്ണുവർഷം D പ്രകാശവർഷം

4. ദേശീയ പതാകയ്ക്ക് രൂപം നൽകിയ ആൾ.

   A പിംഗളീ വെങ്കയ്യ B രവീന്ദ്രനാഥ ടാഗോർ

   C ബങ്കിം ചന്ദ്ര ചാറ്റർജി D ഭിക്കാജികാമ

5. മൊയീൻ കുട്ടി വൈദ്യർ ഏതു കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു.

   A കോൽക്കളി B മാപ്പിളപ്പാട്ട്

   C മാർഗം കളി D നാടൻപാട്ട്

6. കായിക ദിനമായി ആചരിക്കുന്നത്

   A ജനുവരി 30 B ഒക്ടോബർ 15

   C ഡിസംബർ 27 D ആഗസ്റ്റ് 29

7. 

   നക്ഷത്രക്കൂട്ടത്തിന്റെ വിന്യാസമാണ് മുകളിൽ കാണുന്നത്. ഇത് ഏത് നക്ഷത്രക്കൂട്ടത്തിന്റെയാണ്?

   A സ്കോർപ്പിയസ് B ഓറിയോൺ

   C സപ്തർഷി D കാസിയോപ്പിയ

8. കാക്കകളില്ലാത്ത നാട്

   A ലക്ഷദ്വീപ് B പുതുച്ചേരി

   C പനാജി D ശ്രീലങ്ക

9. കോർപ്പറേഷൻ ഭരണത്തലവൻ

A ചെയർമാൻ B മേയർ

C പ്രസിഡന്റ് D കൺവീനർ

10. വാഴകൃഷിയുടെ ഇൻഷ്വറൻസ് തുക ലഭിക്കുവാൻ ദിവാകരൻ ചേട്ടൻ ഏതു സ്ഥാപനത്തെയാണ് സമീപിക്കേണ്ടത്?

A ഇൻഷ്വറൻസ് ഓഫീസ് B വില്ലേജാഫീസ്

C പഞ്ചായത്ത് ആഫീസ് D കൃഷിഭവൻ

**വിശദമായി ഉത്തരം എഴുതുക.**

1. മധ്യവേനലവധിയായി. മാതാപിതാക്കളോടൊപ്പം വിനോദയാത്രയ്ക്കുപോയ അനൂപ് രാമേശ്വരം ബംഗളൂരു, ഗോവ, പോർബന്തർ, സുവർണക്ഷേത്രം എന്നിങ്ങനെ ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചു. അവിടെയുള്ള ആളുകൾ സംസാരിച്ചത് ഒന്നും അവന് മനസ്സിലായില്ല. എന്തു ഭാഷയാണപ്പാ! അവൻ ആശ്ചര്യപ്പെട്ടു. ഇങ്ങനെ എത്രയെത്ര ഭാഷകൾ നമ്മുടെ ഇന്ത്യയിലുണ്ട്. ഓരോ സംസ്ഥാനക്കാരും പറയുന്ന ഭാഷകൾ ഏതെന്ന് അച്ഛൻ അനൂപിന് പറഞ്ഞു കൊടുത്തു. അവർ പോയ സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും അവിടെയുള്ളവർ സംസാരിക്കുന്ന ഭാഷയും ബന്ധിപ്പിച്ചെഴുതുക. (Score 5)

2.a) ആവണാംകുഴി പഞ്ചായത്തിലെ ഗവ.എൽ.പി. സ്കൂളിനു സമീപം വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന തരിശുപാടം നികത്തി ഷോപ്പിംഗ് മാൾ നിർമ്മിക്കുവാൻ സ്ഥലം ഉടമ പഞ്ചായത്തിൽ നിന്ന് അനുവാദം വാങ്ങി. പാടം നികത്താൻ വന്ന ആളുകളെ സ്കൂളിലെ രാജേഷ് സാറും കുട്ടികളും ചേർന്ന് തടഞ്ഞു. വയൽ നികത്തുന്നതുമൂലം പല പ്രശ്നങ്ങളും ആ പ്രദേശത്തു സംജാതമാകുമെന്ന വാദഗതികൾ ഉന്നയിച്ചുകൊണ്ടായിരുന്നു തടയൽ. അവർ ഉന്നയിച്ച ഏതെങ്കിലും 4 വാദഗതികൾ എഴുതുക. (Score 4)

b) പ്രകൃതിയെ ദോഷകരമായി ബാധിക്കുന്ന മറ്റേതെങ്കിലും രണ്ടു പ്രശ്നങ്ങൾ എഴുതുക.(Score 1)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. c) അനുകൂലനം
2. b) പടയണി
3. b) പയറുവിള വർഷം
4. a) പിംഗളി വെങ്കയ്യ
5. b) മാപ്പിളപ്പാട്ട്
6. c) ആഗസ്റ്റ് 29
7. c) സപ്തർഷി
8. a) ലക്ഷദ്വീപ്
9. b) മേയർ
10. d) കൃഷിഭവൻ

**വിശദമായി ഉത്തരം എഴുതുക.**

1. രാമേശ്വരം - തമിഴ്നാട് - ചെന്നൈ - തമിഴ്

ബംഗളൂരു - കർണാടക - ബംഗളൂരു - കന്നട

ഗോവ - ഗോവ - പനാജി - കൊങ്ങിണി

പോർബന്തർ - ഗുജറാത്ത് - അഹമ്മദബാദ് - ഗുജറാത്തി

സുവർണക്ഷേത്രം - പഞ്ചാബ് - ചണ്ഡീഗഡ് - പഞ്ചാബി

ആകെ 5 സ്കോർ (ഓരോന്നിനും ഒരു സ്കോർ വീതം)

2. a)
- സമീപത്തുള്ള കിണറുകളിലെ വെള്ളം വറ്റുന്നു.
- കൃഷിഭൂമി കുറയുന്നു.
- വയൽ ജീവികളുടെ നാശം
- ഭക്ഷ്യോൽപ്പാദനം കുറയുന്നു. (Score 4)

അനുയോജ്യമായ മറ്റുത്തരങ്ങളും ആകാം. ഏതെങ്കിലും 4 എണ്ണം എഴുതിയാൽ - 4 സ്കോർ.

b)
- കുന്നിടിക്കൽ
- മണൽവാരൽ
- വനനശീകരണം

# MODEL QUESTION PAPER SET 2

## LSS EXAMINATION - FEBRUARY 2016

### Paper 2 - Part B - Mathematics

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** (1 score x 10 = 10)

1. IC എന്ന റോമൻ അക്കത്തിന് തുല്യമായ സംഖ്യ ഏത്?

   A 101  B 99  C 109  D 90

2. 11: 05 pm ന് കോട്ടയത്തുനിന്ന് പുറപ്പെട്ട ബസ് 8 മണിക്കൂർ 15 മിനിറ്റ് കൊണ്ട് കോഴിക്കോട്ടെത്തി. എത്തിച്ചേർന്ന സമയം ഏത്?

   A 19:20  B 8:15 am  C 7:20 am  D 7:20 pm

3. മിനിയുടെ കൈയിൽ 24 സെന്റീമീറ്റർ നീളമുള്ള ഒരു നൂൽക്കമ്പിയുണ്ട്. അതുപയോഗിച്ച് അവൾ വിവിധ അളവുകളിലുള്ള ചതുരങ്ങൾ നിർമ്മിക്കുകയാണ്. താഴെ തന്നിരിക്കുന്നതിൽ ഏത് അളവുകളിലുള്ള ചതുരമാണ് അവൾക്ക് നിർമ്മിക്കാൻ കഴിയാത്തത്.

   A നീളം 9 സെ.മീ. വീതി 5 സെ.മീ  B നീളം 10 സെ.മീ. വീതി 2 സെ.മീ

   C നീളം 7 സെ.മീ. വീതി 5 സെ.മീ  D നീളം 8 സെ.മീ. വീതി 4 സെ.മീ

4. ഗണിതപരീക്ഷയിൽ 4-ാം ക്ലാസിലെ കുട്ടികൾക്ക് കിട്ടിയ ഗ്രേഡിനെ സൂചിപ്പിക്കുന്ന ചാർട്ടാണ് ചുവടെ തന്നിരിക്കുന്നത്.




**തന്നിരിക്കുന്നതിൽ ശരിയല്ലാത്ത പ്രസ്താവന ഏത്?**

A A ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും C ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും തുല്യമാണ്.

B D ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണത്തിന്റെ ഇരട്ടിയാണ് A ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണം.

C ക്ലാസിലെ ആകെ കുട്ടികളുടെ എണ്ണം 40 ആണ്.

D A ഗ്രേഡും C ഗ്രേഡും നേടിയ കുട്ടികളുടെ ആകെ എണ്ണവും B ഗ്രേഡ് നേടിയ കുട്ടികളുടെ എണ്ണവും തുല്യമാണ്.

5. 2016 ജൂൺ 10 വെള്ളിയാഴ്ചയായാൽ 2016 ജൂലൈ 10 ഏത് ദിവസമാണ്?

   A വെള്ളി  B ചൊവ്വ

   C ഞായർ  D ബുധൻ

6. 371960 മുതൽ തുടർച്ചയായ നമ്പറുള്ള 100 രൂപാ നോട്ടുകളാണ് എന്റെ കൈവശം ഉള്ളത്. ആകെ 1000 രൂപ ഉണ്ടെങ്കിൽ അവസാനത്തെ നോട്ടിന്റെ നമ്പർ എത്ര?

A 371959 B 371969

C 361970 D 372060

7. 3x2x1 ഇതിലെ എല്ലാ സംഖ്യകളും ഇരട്ടിയാക്കിയാൽ ഉത്തരം എത്ര മടങ്ങാകും?

A 8 B 6

C 2 D 7

8. 123 456 79 x 09 = 111 111 111

123 456 79 x 18 = 222 222 222

123 456 79 x 27 = 333 333 333

ഒൻപതാമത്തെ വരി പൂർത്തിയാക്കുക

A 123 456 789 x 81 = 999 999 999

B 123 456 79 x 90 = 999 999 999

C 123 456 79 x 81 = 999 999 999

D 123 456 789 x 89 = 999 999 999

9. എന്റെ കൈയിൽ 100 രൂപയുടെ 50 നോട്ടും 1000 രൂപയുടെ 10 നോട്ടും ഉണ്ടായിരുന്നു. ബാങ്കിൽ കൊടുത്ത് എല്ലാം 500 രൂപയുടെ നോട്ടാക്കി മാറ്റിയെടുത്തു. എങ്കിൽ എത്ര 500 രൂപ നോട്ടുകൾ കാണും?

A 300 B 15

C 150 D 30

10. 9 മുട്ട കൊടുത്താൽ 2 തേങ്ങ കിട്ടും. 22 തേങ്ങ കിട്ടാൻ എത്ര മുട്ട കൊടുക്കണം?

A 29 B 99

C 90 D 44

**വിശദമായി ഉത്തരം എഴുതുക.**

1. കുഞ്ഞിമംഗലം സ്കൂളിൽ ഒരു സ്റ്റോറുണ്ട്. അവിടെ നവംബർ മാസം നടന്ന വില്പനയുടെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഒന്നാമത്തെ ആഴ്ച 7518 രൂപയുടെ വിറ്റു വരവുണ്ടായി. രണ്ടാമത്തെ ആഴ്ച ആദ്യത്തെ ആഴ്ചയെക്കാൾ 899 രൂപ കുറവായിരുന്നു കച്ചവടം. മൂന്നാമത്തെ ആഴ്ച തലേ ആഴ്ചയെക്കാൾ 1546 രൂപ കൂടുതൽ കച്ചവടം ഉണ്ടായി. 4-ാ മത്തെ ആഴ്ചയിലെ വിറ്റുവരവ് ആദ്യ ആഴ്ചയിലേതിന്റെ പകുതിയായിരുന്നു. എങ്കിൽ

a) ഓരോ ആഴ്ചയിലെയും വിറ്റുവരവ് എത്ര? (സ്കോർ 1)

b) നവംബർ മാസത്തെ ആകെ വിറ്റുവരവ് എത്ര? (സ്കോർ 1)

c) ഓരോ ആഴ്ചയിലെയും വിറ്റുവരവ് ക്രമത്തിൽ എഴുതുക. (സ്കോർ 1)

d) ആദ്യ ആഴ്ചയിലെ വിറ്റുവരവ് ബാങ്കിൽ നിക്ഷേപിക്കാൻ സ്ലിപ്പ് പൂരിപ്പിക്കാമോ? (സ്കോർ 2)

3

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 1000 | 1 | ....... |
| 500 | ........ | 4000 |
| 50 | ........ | 2500 |
| 2 | ........ | 18 |

2. പച്ചക്കറി കൃഷി ചെയ്യുന്നതിനായി രാമുവിന് കൃഷി വകുപ്പിൽ നിന്നും 6750 രൂപ ലഭിച്ചു. JCB ഉപയോഗിച്ച് പറമ്പിലെ മണ്ണ് ഇളക്കി. മണിക്കൂറിന് 950 രൂപയാണ് JCB യുടെ വാടക. രാവിലെ 8.30 മുതൽ 11:30 വരെയും ഉച്ചകഴിഞ്ഞ് 2:30 മുതൽ 4: 30 വരെയും JCB ഉപയോഗിച്ചു. കൂടാതെ തടം എടുക്കുന്നതിന് 2 പേർ 2 ദിവസവും ഒരാൾ ഒരു ദിവസവും ജോലി ചെയ്തു. ഒരാൾക്ക് 650 രൂപയാണ് കൂലി എങ്കിൽ കൃഷി വകുപ്പിൽ നിന്നും ലഭിച്ച തുക തികയുമോ? ഇല്ല എങ്കിൽ എത്ര രൂപ കൂടി രാമു കരുതണം.

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതുക.**

1. B
2. C
3. A
4. D
5. C
6. B
7. A
8. C
9. D
10. B

**വിശദമായി ഉത്തരം എഴുതുക.**

1.a) രണ്ടാം ആഴ്ച - 7518 - 899 = 6619 രൂപ

മൂന്നാം ആഴ്ച - 6619 + 1546 =8165 രൂപ

നാലാം ആഴ്ച - 7518 ÷ 2 = 3759 രൂപ (സ്കോർ 1)

b) ആകെ - 26061 രൂപ (സ്കോർ 1)

c) 3759, 6619, 7518, 8165 (സ്കോർ 1)

d)

| നോട്ടുകൾ | എണ്ണം | തുക |
|---|---|---|
| 1000 | 1 | 1000 |
| 500 | 8 | 4000 |
| 50 | 50 | 2500 |
| 2 | 9 | 18 |

(സ്കോർ 2)

2. i) JCB എത്ര മണിക്കൂറാണ് പ്രവർത്തിച്ചത്. (സ്കോർ 1)

8:30 മുതൽ 11: 30 വരെ 3 മണിക്കൂർ

2:30 മുതൽ 4:30 വരെ - 2 മണിക്കൂർ.

ആകെ 5 മണിക്കൂർ = 4750 രൂപ

ii) JCB യ്ക്ക് ആകെ എത്ര രൂപ വാടകയിനത്തിൽ നൽകണം. (സ്കോർ 1)

5 × 950 = 4750 രൂപ

iii) തടമെടുത്തതിന് ആകെ എത്ര രൂപ ചെലവായി? (സ്കോർ 1)

5 ആളുകൾ × 650 രൂപ = 3250 രൂപ

iv) ആകെ എത്ര രൂപ ചെലവാക്കി (സ്കോർ 1)

4750 + 3250 = 8000/-

v) കൃഷി ഭവനിൽ നിന്നും ലഭിച്ച തുക തികയുമോ? ഇല്ല എങ്കിൽ എത്ര രൂപ അധികമായി കണ്ടെത്തണം. (സ്കോർ 1)

കൃഷിഭവനിൽ നിന്നു ലഭിച്ചത് - 6750 രൂപ

അധികമായി കണ്ടെത്തേണ്ടത് - 8000 - 6750 = 1250/-